(സി) ഇപ്പോൾ സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾക്കെതിരെയാണ് വിജിലൻസ് അന്വേഷണം ഉള്ളതെന്ന് പറയാമോ;

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വിജിലൻസ് വിഭാഗം കുറ്റപത്രം സമർപ്പിച്ച എത്ര കേസ്സുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ അഴിമതി അനധികൃത സ്വത്ത് സമ്പാദിക്കൽ തുടങ്ങിയവ സംബന്ധിച്ച എത്ര വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാന മന്ത്രിസഭയിൽ ഇപ്പോൾ ഗതാഗത വകുപ്പു മന്ത്രി ആയിരിക്കുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെ കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇൻഡ്യാ ലിമിറ്റഡ് എന്ന കമ്പനിക്ക് വൈദ്യുതി വിറ്റതിലെ ക്രമക്കേടുകൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്തിരുന്ന കേസിന്റെ ഒന്നാം ഭാഗത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ സുപ്രീം കോടതി കുറ്റവിമുക്തനാക്കിയിരുന്നു. ഈ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ രണ്ടും മൂന്നും ഭാഗങ്ങൾ നിലനിൽക്കുകയില്ല എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിചാരണയിലിരുന്ന കേസിന്റെ രണ്ടാം ഭാഗം കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. മൂന്നാം ഭാഗത്തിന്റെ തുടർനടപടികൾ ഉപേക്ഷിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ജലസേചന വകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. റ്റി. എം. ജേക്കബിന് എതിരെ.

(ഡി) ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെ കുറ്റപത്രം സമർപ്പിച്ചിരുന്ന ഗ്രാഫൈറ്റ് കേസിന്റെ രണ്ടാം ഭാഗം പിൻവലിച്ചിട്ടുണ്ട്.

(ഇ) 490 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കെ. പി. രവീന്ദ്രന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം

57 [58] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞ ഏപ്രിൽ 6-ന് കൊല ചെയ്യപ്പെട്ട തടവുകാരൻ കെ. പി. രവീന്ദ്രന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) രവീന്ദ്രന്റെ മൃതദേഹവുമായി പോയ വിലാപയാത്രയിൽ പങ്കെടുത്ത് തിരിച്ചുപോയ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ കേസെടുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എത്ര കേസുകൾ ആരുടെയൊക്കെ പേരിൽ ഏതൊക്കെ കുറ്റം ചുമത്തി എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പ്രശ്നവുമായി ബന്ധപ്പെട്ട് പിന്നീട് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിൽ എത്ര പേരെ പ്രതികളാക്കിയെന്നും ഏതൊക്കെ കുറ്റം ചുമത്തി കേസ് എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ലഭിച്ചിട്ടുണ്ട്. ഭരണപരിഷ്ക്കാരവേദി കോഴിക്കോട് ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ. കെ. ജയകുമാറിൽ നിന്നും ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ചുവരുന്നു.

(സി) അറസ്റ്റ് ചെയ്ത് കേസ് എടുത്തിട്ടുണ്ട്.

(ഡി) കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 109/2004 u/s 143, 147, 148, 307, 353 r/w 149 IPC and Section 27 of Arms Act, കുറ്റ്യാടി, പോലീസ് സ്റ്റേഷനിലെ ക്രൈം 110/2004 u/s 143, 147, 148, 333, 307 r/w 149 IPC and Section 27 of Arms Act, പ്രകാരം. (1) പി. റ്റി. ജോർജ് @ സണ്ണി, (2) സതീശൻ, s/o പൊക്കൻ, (3) ഉത്താനയ്ക്കൽ ജയകുമാർ, s/o മന്നൻ, (4) ചെറിയതറയിൽ സതീശൻ, s/o കുഞ്ഞിരാമൻ, (5) വടക്കേപറമ്പത്ത് സുനിൽ, s/o നാണു, (6) കണ്ണാടി താഴെക്കുന്നി അനീഷ്, s/o കണ്ണൻ, (7) ചടച്ചിക്കുനിയിൽ രാജൻ, s/o കണാരൻ, (8) ചിറ്റങ്ങാരിക്കുനി അനീഷ്, s/o കുമാരൻ, (9) പുതിയേടത്ത് സുധീഷ്, s/o ചാത്തു, (10) കുന്നത്ത് സുധാകരൻ, s/o കണ്ണൻ എന്നിവർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) 18 കേസുകൾ.

(എഫ്) ഇതിൽ 173 പ്രതികൾക്കെതിരെ IPC-യിലെ വിവിധ വകുപ്പുകൾ പ്രകാരം Section 143, 147, 294ബി, 506 (1), 462, 427, 341, 188, 283, 452, 436, 435, 395, 379, 145, 148, 448 (3) (2) (e) of PDPP Act കൂടാതെ Cr.P.C. Section 151 പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സംസ്ഥാനത്തുനിന്നും കാണാതായവർ

58 [59] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്തുനിന്നും എത്ര പേരെ കാണാതായിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly